**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 519** **05-10-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറി കംപ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് നൽകിയ തുക തിരിച്ചുപിടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ട്രഷറി കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 2000-2004 വർഷങ്ങളിൽ അധികജോലി ചെയ്തതിന് ട്രഷറി ജീവനക്കാർക്ക് എന്തെങ്കിലും അലവൻസ് നൽകിയിരുന്നോ; അതിന്റെ മാനദണ്ഡം എന്തായിരുന്നു; ഇപ്രകാരം ആകെ എത്ര രൂപയായിരുന്നു നൽകിയത്; വ്യക്തമാക്കാമോ; | (എ) | ട്രഷറി കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് 2000-2004 വർഷങ്ങളിൽ നിലവിലെ ജോലികൾക്കു പുറമേ അധിക ജോലി ചെയ്തതിന് ട്രഷറി ജീവനക്കാർക്ക് 03/11/2000 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 6111/2000/ധന. ഉത്തരവ് പ്രകാരം 01/06/2000 മുതൽ കമ്പ്യൂട്ടർ അലവൻസ് നൽകിയിരുന്നു. 2000-2004 വർഷങ്ങളിൽ ₹27,26,354/- (ഇരുപത്തിയേഴ് ലക്ഷത്തി ഇരുപത്തിആറായിരത്തി മുന്നൂറ്റി അൻപത്തിനാല് രൂപ) രൂപയാണ് ആകെ അലവൻസായി നൽകിയിരുന്നത്. |
| (ബി) | അന്നത്തെ ജീവനക്കാർക്ക് നൽകിയ പ്രസ്തുത അലവൻസ് തിരിച്ചുപിടിക്കാൻ സർക്കാർ ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണവും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ; | (ബി) | കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് 31/05/2002-ന് ശേഷം കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് 31/05/2002-ന ശേഷം നൽകിയ കമ്പ്യൂട്ടർ അലവൻസ് തിരിച്ച് പിടിക്കാൻ 27/07/2004 തീയതിയിലെ 55121/എസ്റ്റാ.സി3/04/ധന, 13/11/2019 -ലെ 36215/എസ്റ്റാ.സി3/2014/ധന എന്നീ കത്തുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. |
| (സി) | എത്ര പേർ തുക തിരിച്ചടച്ചിട്ടുണ്ട്; ഇതിൽ സർവ്വീസിൽ ഉള്ളവർ എത്ര; വിരമിച്ചവർ എത്ര; വ്യക്തമാക്കാമോ; | (സി) | നാളിതുവരെ 213 പേർ തുക തിരിച്ചടച്ചിട്ടുണ്ട്. അവരിൽ 91 പേർ നിലവിൽ സർവ്വീസിൽ തുടരുന്നവരും, 122 പേർ സർവ്വീസിൽ നിന്നും വിരമിച്ചവരുമാണ്. |
| (ഡി) | സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ബാധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയശേഷം മുൻകാലത്ത് അധികമായി ചെയ്ത ജോലിക്ക് നൽകിയ പ്രതിഫലതുക തിരിച്ചടപ്പിക്കാൻ ട്രഷറി ഡയറക്ടറോട് ഉത്തരവിറക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; | (ഡി) | 03/11/2000 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 6111/2000/ധന. ഉത്തരവ് പ്രകാരമാണ് ട്രഷറി കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് 2000-2004 വർഷങ്ങളിൽ നിലവിലെ ജോലികൾക്കു പുറമേ അധിക ജോലി ചെയ്തതിന് ട്രഷറി ജീവനക്കാർക്ക് കമ്പ്യൂട്ടർ അലവൻസ് നൽകിയിരുന്നത്. കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | 31/05/2002-ന് ശേഷം കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കമ്പ്യൂട്ടർ അലവൻസ് തിരിച്ച് പിടിക്കാൻ 27/07/2004 തീയതിയിലെ സർക്കാർ കത്ത് നമ്പർ 55121/എസ്റ്റാ.സി3/04/ധന പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തിരിച്ചുപിടിക്കൽ നടപടികൾ ട്രഷറി ഡയറക്ടർ പൂർത്തിയാക്കാത്തതിനാലാണ് 13/11/2019-ലെ 36215/എസ്റ്റാ.സി3/2014/ധന കത്തിലൂടെ 31/05/2002-ന് ശേഷം അധികമായി കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് 12 മാസങ്ങളിലായി തുല്യ തവണകളായി തിരിച്ചുപിടിക്കാൻ സർക്കാർ ട്രഷറി ഡയറക്ടർക്കു വീണ്ടും നിർദ്ദേശം നൽകിയത്. |
| (ഇ) | വിരമിക്കുന്നതിന് നാല് വർഷത്തിന് ഇപ്പുറം എന്തെങ്കിലും തുക തെറ്റായി അധികം നൽകിയതായി വിരമിച്ചശേഷം നാല് വർഷത്തിനുള്ളിൽ കണ്ടെത്തി അറിയിച്ചാൽ മാത്രമേ തുക തിരിച്ചുപിടിക്കാൻ പാടുള്ളു എന്ന നിയമം കെ.എസ്.ആർ. ഭാഗം III പെൻഷൻ റൂൾ 3-ൽ പറയുമ്പോൾ സർവ്വീസിൽ നിന്ന് ഏകദേശം അഞ്ച് മുതൽ പതിനെട്ട് വർഷം മുമ്പ് വിരമിച്ച ജീവനക്കാരോട് ലഭിച്ച തുക തിരിച്ചടയ്ക്കാൻ ട്രഷറി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഇ) | 03/11/2000 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 6111/2000/ധന. ഉത്തരവ് പ്രകാരമാണ് ട്രഷറി കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് 2000-2004 വർഷങ്ങളിൽ നിലവിലെ ജോലികൾക്കു പുറമേ അധിക ജോലി ചെയ്തതിന് ട്രഷറി ജീവനക്കാർക്ക് കമ്പ്യൂട്ടർ അലവൻസ് നൽകിയിരുന്നത്. കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് 31/05/2002-ന് ശേഷം കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കമ്പ്യൂട്ടർ അലവൻസ് തിരിച്ച് പിടിക്കാൻ 27/07/2004 തീയതിയിലെ സർക്കാർ കത്ത് നമ്പർ 55121/എസ്റ്റാ.സി3/04/ധന പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തിരിച്ചുപിടിക്കൽ നടപടികൾ ട്രഷറി ഡയറക്ടർ പൂർത്തിയാക്കാത്തതിനാലാണ് 13/11/2019-ലെ 36215/എസ്റ്റാ.സി3/2014/ധന കത്തിലൂടെ 31/05/2002-ന് ശേഷം അധികമായി കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് 12 മാസങ്ങളിലായി തുല്യ തവണകളായി തിരിച്ചുപിടിക്കാൻ സർക്കാർ ട്രഷറി ഡയറക്ടർക്കു വീണ്ടും നിർദ്ദേശം നൽകിയത്. |
| (എഫ്) | മേൽപ്പറഞ്ഞ പെൻഷൻ റൂളിനും നിലവിലുള്ള ചട്ടങ്ങൾക്കും വിരുദ്ധമായി ഉത്തരവിറക്കിയ ട്രഷറി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എഫ്) | 03/11/2000 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 6111/2000/ധന സർക്കാർ ഉത്തരവ് മുഖേനയാണ് ട്രഷറി ജീവനക്കാർക്ക് കമ്പ്യൂട്ടർ അലവൻസ് അനുവദിച്ച് നൽകിയത്. 31/05/2002 ന് ശേഷം കമ്പ്യൂട്ടർ അലവൻസ് അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത അലവൻസ് തിരിച്ചുപിടിക്കാൻ 27/07/2004 തീയതിയിലെ സർക്കാർ കത്ത് നമ്പർ 55121/എസ്റ്റാ.സി3/04/ധന പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 2004 മുതൽ നിരന്തരമായി അധികമായി കൈപ്പറ്റിയ തുക തിരിച്ചുപിടിക്കാൻ നിർദ്ദേശം സർക്കാർ നൽകിയിരുന്നെങ്കിലും |

| | | | |
|---|---|---|---|
| | | | തിരിച്ചുപിടിക്കൽ നടപടികൾ ട്രഷറി ഡയറക്ടർ പൂർത്തിയാക്കിയിരുന്നില്ല. തുടർന്ന് ഇക്കാര്യത്തിൽ കർശനമായ നടപടികളിലേക്ക് കടക്കുകയും ജീവനക്കാർ അധികം കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് പൂർണ്ണമായും തിരിച്ചുപിടിക്കുന്നതിന് 13/11/2019-ലെ 36215/എസ്റ്റാ.സി3/2014/ധന കത്ത് പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അതിൻ പ്രകാരമുള്ള നടപടികളാണ് ട്രഷറി ഡയറക്ടർ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

(10)

87

18 NOV 2019

Scanned 19/11/19

GOVERNMENT OF KERALA

No.36215/Estt.C3/2014/Fin.

Fin(Estt.C)Department
Thiruvananthapuram
Dated:13/11/2019

The Additional Chief Secretary(Finance)

The Director of Treasuries,
Thiruvananthapuram

Sir,

Sub:- Finance Department – Establishment - Treasuries – Special Allowance drawn by treasury personnel - Reg.

Ref:- 1. Letter of even No. dated 25.05.2018, 06.10.2018, 24.01.2019, 22.04.2019
2. Letter No. TRY/10038/2019-A4 dated 11.10.2019

Inviting your attention to the references cited, you are directed to take immediate action to recover the excess amount illegally drawn by the Treasury personnel towards special allowance in connection with the computerization of Treasuries, by deducting the amount from their salary in equal instalments not exceeding 12 months. In the case of the retired employees, necessary action should be initiated to recover the amount from their monthly pension in equal instalments not exceeding 12 months. You are also directed to report the action taken in the matter within two months, otherwise you will be held personally responsible for the lapse.

Yours faithfully,

**FEROLD XAVIER**
ADDITIONAL SECRETARY
For Additional Chief Secretary(Finance)

Approved for Issue

Section Officer.

Attested